## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1360

06.03.18 - ൽ മറുപടിക്ക്.

## കുടുംബശ്രീ ജനൗഷധി മെഡിക്കൽ സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ ജനൗഷധി മെഡിക്കൽ സ്റ്റോറുകൾ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിയ്ക്ക് എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിച്ചു; അവ ഏതെല്ലാം; | (എ) | ഉണ്ട്. നാളിതുവരെ ഈ പദ്ധതിക്ക് 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. എടവക, ഉഴമലയ്ക്കൽ, കവലങ്ങാട്, പൈങ്ങോട്ടൂർ, ബാലരാമപുരം, പുളിമാത്ത്, കൊച്ചി വെസ്റ്റ്, തൃക്കോടിത്താനം എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി കുടുംബശ്രീ വഴിയാണോ നടപ്പാക്കുന്നത്; ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ചെലവ് ആരാണ് വഹിക്കുന്നത് എന്നറിയിക്കാമോ; | (ബി) | ജനൗഷധി മെഡിക്കൽ സ്റ്റോറുകൾ കുടുംബശ്രീ മുഖേന മാത്രം തുടങ്ങണമെന്ന് നിഷ്കർഷിച്ചിട്ടില്ല. താല്പര്യമുള്ള ഏതൊരു വ്യക്തിക്കും ജനൗഷധി സ്റ്റോറുകൾ തുടങ്ങാൻ സാധിക്കും. എന്നാൽ കുടുംബശ്രീ മുഖാന്തിരം തുടങ്ങുന്ന ജനൗഷധി സ്റ്റോറുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായസഹകരണങ്ങൾ ഉറപ്പാക്കുവാൻ സാധിക്കും. കുടുംബശ്രീ മുഖേന ആരംഭിക്കുന്ന ജനൗഷധി സ്റ്റോറുകൾക്ക് 120 സ്ക്വ.ഫീറ്റ് വിസ്തീർണമുള്ള കെട്ടിടം പഞ്ചായത്താണ് ലഭ്യമാക്കുന്നത്. കൂടാതെ 2.50 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നതാണ്. |
| (സി) | ജനൗഷധി പദ്ധതി ഔഷധമേഖലയിൽ ബോധവൽക്കരണത്തിന് സഹായകമാകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | ജനൗഷധി പദ്ധതി ഔഷധ മേഖലയിൽ ബോധവൽക്കരണത്തിന് സഹായകരമാകും. സ്വകാര്യ മരുന്നുകമ്പനികൾ ലഭ്യമാക്കുന്ന വിലയേറിയ കമ്പനി ബ്രാൻഡിലുള്ള മരുന്നുകൾക്ക് ബദലായി പൊതുജനങ്ങൾക്ക് കുറഞ്ഞനിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ ജനൗഷധി സ്റ്റോറുകൾ വഴി സാധിക്കും. |

സെക്ഷൻ ഓഫീസർ